100 (1206) **ലോക്കൗട്ടിലാകുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സഹായം**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്കൗട്ടിലാകുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സഹായം നൽകുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇനി ആവശ്യമായ സാമ്പത്തിക സഹായം ഏതെല്ലാം രീതിയിൽ സ്വരൂപിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഇതിനു വേണ്ടതായ നിർദ്ദേശങ്ങൾ നൽകുവാൻ ലേബർ കമ്മിഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി)&(സി) നിർദ്ദേശങ്ങൾ ലഭിച്ചശേഷം അവ വിശദമായി പരിശോധിച്ചശേഷം മാത്രമേ അന്തിമതീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

101 (1207) **തിയേറ്റർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീയേറ്റർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെക്കുറിച്ച് പഠിക്കുന്നതിന് നിയുക്തമായ കമ്മിഷന്റെ ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്മിഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ വിഭാഗത്തിലെ ഓരോ ഗ്രൂപ്പിലും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇവർക്ക് നിലവിലുണ്ടായിരുന്ന ശമ്പള നിരക്കും ശുപാർശചെയ്തിട്ടുള്ള വർദ്ധനവും എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മൊത്തം എത്ര തീയേറ്റർ ജീവനക്കാരുള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രൂപ്പ് 'എ' വിഭാഗം തൊഴിലാളികൾക്ക് ദിവസവേതനം 102 രൂപയും മാസവേതനം 2652 രൂപയും. ഗ്രൂപ്പ് 'ബി'യ്ക്ക് ആയത് യഥാക്രമം 97 രൂപയും, 2522 രൂപയും, ഗ്രൂപ്പ് 'സി' യ്ക്ക് 92 രൂപയും, 2392 രൂപയും, ഗ്രൂപ്പ് 'ഡി'യ്ക്ക് 88 രൂപയും 2288 രൂപയും ഗ്രൂപ്പ് 'ഇ'യ്ക്ക് 84 രൂപയും 2184 രൂപയും ഗ്രൂപ്പ് 'എഫ്'ന് 80 രൂപയും 2080 രൂപയും.

കൂടാതെ 869 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും അതാതു ജില്ലകളിൽ, ദിവസവേതനക്കാർക്ക് 6.5 പൈസയും മാസവേതന ക്കാർക്ക് 1 രൂപ 95 പൈസയും വേരിയസിൽ ഡി.എ. ആയി നൽകുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശകൾക്ക് 1.11.1998 മുതൽ മുൻകാല പ്രാബല്യവും കമ്മിറ്റി ശുപാർശയിൽ ഉൾപ്പെടുന്നു.

(സി) ഗ്രൂപ്പ് 'എ'യിൽ മാനേജർ, ചീഫ് ഓപ്പറേറ്റർ, ഗ്രൂപ്പ് 'ബി'യിൽ ഓപ്പറേറ്റർ, എ.സി. ഓപ്പറേറ്റർ, ഇലക്ട്രീഷ്യൻ, കാഷ്യർ, ഓഫീസ് ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഗ്രൂപ്പ് 'സി'യിൽ ബുക്കിംഗ് ക്ലാർക്ക്/ടിക്കറ്റ് സെല്ലർ, അസിസ്റ്റന്റ് ഓപ്പറേറ്റർ, അസിസ്റ്റന്റ് എ.സി. ഓപ്പറേറ്റർ, ക്യാന്റീൻ മാനേജർ, ഗ്രൂപ്പ് 'സി'യിൽ ഗേറ്റ്കീപ്പർ, സെക്യൂരിറ്റി ഗാർഡ്, സെക്യൂരിറ്റി മാൻ, സെക്യൂരിറ്റി ബോയ്, പ്യൂൺ, വാച്ച് മാൻ, വാഹനം സൂക്ഷിക്കുന്ന ആൾ, ക്യാന്റീൻ കുക്ക്, ഗ്രൂപ്പ് 'ഇ'യിൽ പോസ്റ്റർ ഒട്ടിക്കുന്നയാൾ, ബോർഡ്ബോയ്, ക്യാന്റീൻ സെയിൽസ്മാൻ, ഗ്രൂപ്പ് എഫി'ൽ ക്യാന്റീൻ ഹെൽപ്പർ, സ്വീപ്പർ, സ്കാവഞ്ചർ, സ്വീപ്പർ-കം-സ്കാവഞ്ചർ എന്നീ വിഭാഗം തൊഴിലാളികളെ ഉൾക്കൊള്ളിച്ചി ട്ടുണ്ട്.

ജി.ഒ.(ആർ.ടി.) നം. 1810/87/തൊഴിൽ തീയതി 3.12.'87 ഉത്തരവുപ്ര കാരം ഗ്രൂപ്പ് 'എ' വിഭാഗത്തിന് 374 രൂപയും, ഗ്രൂപ്പ് 'ബി' വിഭാഗത്തിന് 346 രൂപയും ഗ്രൂപ്പ് 'സി'യ്ക്ക് 324 രൂപയും ഗ്രൂപ്പ് 'ഡി'യ്ക്ക് 301 രൂപയും, ഗ്രൂപ്പ് 'ഇ'യ്ക്ക് 280 രൂപയും ഗ്രൂപ്പ് 'എഫി'ന് 260 രൂപയും അടിസ്ഥാന ശമ്പളവും അലവൻസായി എല്ലാ ഗ്രൂപ്പിനും 364 രൂപയും നൽകിയിരുന്നു. കൂടാതെ ഡി.എ. യ്ക്കും അർഹതയുണ്ട്. ഇപ്പോൾ ശുപാർശ ചെയ്ത നിരക്കുകൾ മുമ്പ് 'ബി' പിരിവിൽ കണ്ടാലും.

(ഡി) കേരളത്തിൽ 9000 നും 10,000-നും ഇടയ്ക്ക് തീയേറ്റർ ജീവന ക്കാരുള്ളതായിട്ടാണ് കമ്മിറ്റി കണക്കാക്കിയിരിക്കുന്നത്.

102 (1208) തൊഴിലില്ലായ്മ വേതനത്തിന് വരുത്തിയ വർദ്ധനവ്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ തൊഴിലില്ലായ്മ വേതനം കൈപ്പറ്റി ക്കൊണ്ടിരിക്കുന്നവർ എത്രയെന്നും അവർക്കുവേണ്ടി എന്തുതുകയാണ് ഇപ്പോൾ ചെലവുചെയ്തുകൊണ്ടിരിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലി ല്ലായ്മ വേതനം ഇനത്തിൽ 1999 മാർച്ച് 31 വരെ എന്തുതുക ചെല വായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly